**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5267** **01.07.2014-ൽ മറുപടിയ്ക്ക്**

# മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ പൂർത്തീകരിക്കാൻ ഏതെല്ലാം സാധന സാമഗ്രികളുടെ ക്ഷാമമാണ് അനുഭവപ്പെടുന്നത് ; വിശദാംശം നൽകുമോ ;<br><br>(ബി) പ്രസ്തുത സാധനങ്ങൾ ലഭ്യമാക്കേണ്ട ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; ഓരോരുത്തർക്കും പ്രസ്തുത സാധനങ്ങൾ സപ്ളൈ ചെയ്യുന്നതിൽ സീലിംഗ് നിശ്ചയിച്ചിട്ടുണ്ടോ ; | (എ) & (ബി) മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി പൂർത്തീകരിക്കുവാ നാവശ്യമായ ക്രോസ് ആം, എൽ.റ്റി. / എച്ച്.റ്റി. ഇൻസുലേറ്റർ, ഡിസ്ക് ഇൻസുലേറ്റർ തുടങ്ങിയ ദൈനംദിന പ്രവൃത്തികൾക്കാവശ്യമായ സാധനസാമഗ്രികളുടെ കുറവ് നേരത്തെ അനുഭവപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്രീകൃതമായി വാങ്ങുന്ന സാധനസാമഗ്രികളായ ട്രാൻസ്ഫോമറുകൾ, വൈദ്യുത കമ്പികൾ, മീറ്ററുകൾ മുതലായവ സപ്ലൈ ചെയിൻ മാനേജ്മെന്റ് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുമാണ് വാങ്ങി വിതരണം ചെയ്യുന്നത്. ഇതിൽപ്പെടാത്ത സാധന സാമഗ്രികൾ ആവശ്യാനുസരണം വാങ്ങുവാനുള്ള നിർദ്ദേശം വിതരണ വിഭാഗത്തിലെ ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവർക്ക് നൽകിയിട്ടുണ്ട്. ഓരോരുത്തർക്കും സാധനങ്ങൾ വാങ്ങുന്നതിനുള്ള പരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും അത്യാവശ്യ ഘട്ടങ്ങളിൽ കൂടുതൽ സാധനങ്ങൾ വാങ്ങുവാൻ അനുമതി നൽകാറുണ്ട്. |
| (സി) ആവശ്യമായ സാധനങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ ;<br><br>(ഡി) മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) & (ഡി) ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**